## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3811 17.12.2015-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ :<br>" എം. ഉമ്മർ :<br>" കെ.എം. ഷാജി :<br>" പി.കെ. ബഷീർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് അധിക ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഏർപ്പെടുത്തിയ സെസ്സിന്റെ കളക്ഷൻ, വിനിയോഗം എന്നിവ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; | (എ) | നടത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അവലോകനത്തിന്റെ വിശദാംശം നൽകുമോ; | (ബി) | യാത്രക്കാർക്ക് അപകട സമൂഹ ഇൻഷ്വറൻസ് ഏർപ്പെടുത്തിയത് വഴി ചെറുതും വലുതുമായ അപകടങ്ങൾ ഉണ്ടാകുമ്പോൾ യാത്രക്കാർക്ക് അടിയന്തിര ചികിത്സ ഏത് ആശുപത്രിയിലും നടത്തുന്നതിനും ഇപ്പോൾ കഴിയുന്നുണ്ട്. ആയതിന്റെ മുഴുവൻ ചെലവും കെ.എസ്.ആർ.ടി.സി. യാണ് വഹിക്കുന്നത്. പിന്നീട് ഇൻഷ്വറൻസ് കമ്പനി ടി തുക കെ.എസ്.ആർ.ടി.സി.ക്ക് തിരിച്ച് നൽകുന്നതുമാണ് ഇപ്പോൾ നടത്തി വരുന്ന സംവിധാനം. കുമിളിയിൽ അടുത്ത കാലത്തുണ്ടായ ബസ്സ് അപകടത്തിൽ മരിച്ച രണ്ട് പേർക്കും, ആശ്രിതർക്കും, ഇതര അപകടങ്ങളിൽപ്പെട്ടവർക്കുമുള്ള തുക 07.12.2015-ന് ഗതാഗതവും വനവും വകുപ്പ് മന്ത്രി വിതരണം ചെയ്തിട്ടുമുണ്ട്. ഇത്തരത്തിൽ സെസ്സ് തുക പിരിക്കുന്നതു മൂലം കെ.എസ്.ആർ.ടി.സി ബസ്സിലെ |

| | | | |
|---|---|---|---|
| | | | യാത്രക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യവുമാണ്.<br>സെസ് ഇനത്തിൽ ലഭ്യമാകുന്ന തുക ട്രഷറിയിലെ പ്രത്യേക അക്കൗണ്ടിലേക്ക് ഒടുക്കുകയും പ്രസ്തുത തുക പ്രതിമാസ പെൻഷൻ വിതരണത്തിനായി വിനിയോഗിച്ച് വരുന്നു. |
| (സി) | സെസ്സ് ഏർപ്പെടുത്തുകയും ഇന്ധനവിലയിൽ കുറവുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി യുടേയും സ്വകാര്യ സർവ്വീസുകളുടേയും യാത്രാ നിരക്കിൽ വ്യത്യാസം വന്നിട്ടുണ്ടോ ; എങ്കിൽ എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ? | (സി) | ടിക്കറ്റ് നിരക്കിൽ യാതൊരുവിധത്തിലുള്ള വ്യത്യാസവും വന്നിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി 15 രൂപയും അതിന് മുകളിലോട്ടുള്ള ടിക്കറ്റുകൾക്ക് ഇൻഷ്വറൻസ് തുക ഈടാക്കുന്നതിനാൽ സ്വകാര്യ ബസ് ടിക്കറ്റ് നിരക്കുമായി വ്യത്യാസമുണ്ട്. എന്നാൽ സ്വകാര്യ ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ